# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 368** **17.12.2014 - ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം ആളിയാർ കരാർ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) പറമ്പിക്കുളം ആളിയാർ കരാർ പുതുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) കരാർ പുതുക്കാൻ പ്രത്യേക വ്യവസ്ഥയില്ല. എന്നാൽ കരാറിലെ ഖണ്ഡിക 5 (സി) - യിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ പുനരവലോകനം ചെയ്യാവുന്നതാണ്. |
| (ബി) തമിഴ്നാടിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കരാർ ലംഘനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരാർ പുന: പരിശോധിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി കേരളവും തമിഴ്നാടും തമ്മിൽ നിരവധി ചർച്ചകൾ നടന്നുവെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യതയുടെ അടിസ്ഥാനത്തിൽ ജലം പങ്കുവെക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിൽ എത്തിച്ചേരാൻ കഴിയാത്തതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. എങ്കിലും ഇതിനായുള്ള പരിശ്രമങ്ങൾ തുടരുന്നുണ്ട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്. |

| | |
|---|---|
| (സി) ഭാരതപ്പുഴ വറ്റി വരളുന്നതിനും ചാലക്കുടിപ്പുഴയുടെ ചില ഭാഗങ്ങൾ വരളുന്നതിനും പറമ്പിക്കുളം ആളിയാർ പദ്ധതി കാരണമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരമുളള ജലം മണക്കടവ് വിയറിലും, കേരള ഷോളയാറിലും ലഭിക്കാത്ത വർഷങ്ങളിൽ യഥാക്രമം ചിറ്റൂർപുഴ പദ്ധതി പ്രദേശത്തും, ചാലക്കുടിപുഴ പ്രദേശത്തും ജലദൗർലഭ്യവും, വരൾച്ചയും അനുഭവപ്പെടാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി എന്തൊക്കെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ? | (ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം സംയുക്ത ജല ക്രമീകരണ ബോർഡിൻെറ (ജെ.ഡബ്ല്യു.ആർ.ബി.യുടെ) യോഗങ്ങളിൽ, ശക്തമായ വാദങ്ങളുയർത്തി നേടിയെടുക്കാറുണ്ട്. കൂടാതെ സർക്കാർ തലത്തിലുളള സമയോചിതമായ ഇടപെടലുകളിലൂടെയും അർഹതപ്പെട്ട ജലവിഹിതം നേടിയെടുത്തു വരുന്നു. എന്നാൽ 2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് ലഭിച്ചില്ല.<br>തമിഴ്നാടിന്റെ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ വ്യവസ്ഥാ ലംഘനങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കേരള സർക്കാർ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിൽ, കരാർ ലംഘനങ്ങൾക്കെതിരെ നിയമനടപടികളുമായി മുന്നോട്ടു പോകാനാണ് പൊതുവെ ധാരണയായത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരളത്തിന്റെ അന്തർ സംസ്ഥാന ജല ഉപദേശക കമ്മിറ്റി അംഗങ്ങളുമായും, മുല്ലപ്പെരിയാർ കേസിൽ കേരളത്തിനുവേണ്ടി ബഹു. സുപ്രീംകോടതിയിൽ കേസ് വാദിക്കാൻ നിയോഗിച്ചിരുന്ന മുതിർന്ന അഭിഭാഷകരുമായും കൂടിയാലോചിച്ചശേഷം 16.04.2013 - ന് തമിഴ്നാടിനെതിരായി ബഹു. സുപ്രീംകോടതിയിൽ ഒരു അസ്സൽ അന്യായവും, ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്യുകയുണ്ടായി. |

കേസിന്റെ തുടർനടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഇതിനു പുറമേ കേരളത്തിന്റെ താൽപര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്താൻ കരാർ പുനരവലോകന ചർച്ചകൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ